വിദ്യാഭ്യാസവും തൊഴിലും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) രണ്ടും മൂന്നും ഫാറങ്ങളിൽ നിർബ്ബന്ധമാക്കിയിട്ടുണ്ട്. നാലും അഞ്ചും ഫാറങ്ങളിൽ ഹിന്ദി ക്രമാനുഗതമായി നിർബ്ബന്ധിതമാക്കും. ഒരു മൂന്നാം ഭാഷയായി ചില സ്കൂളുകളിൽ ആ ഭാഷ ഇപ്പോഴും പഠിപ്പിച്ചുവരുന്നു.

(ബി) ഇല്ല. ചില സ്കൂളുകളിൽ ഹിന്ദി പഠനം തുടരുന്നതിനുവേണ്ട എല്ലാടകരും പൂർത്തിയായിട്ടില്ല.

(സി) വേണ്ടിടത്തോളം അദ്ധ്യാപകന്മാരെ യഥാസമയം നിയമിക്കുന്നതിനുള്ള പ്രയാസം.

റേഷൻ ഷാപ്പുകളിലെ ബോർഡ്

*൯൪. (൨൩) ശ്രീ. പി. എസ്സ്. മാധവൻ വൈദ്യൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ-കൊച്ചിയിലുള്ള റേഷൻ ഷാപ്പുകാർക്ക് വെള്ള ബോർഡിൽ പച്ചമഷികൊണ്ട് ഇംഗ്ലീഷിൽ എഴുതിയ ബോർഡുവയ്ക്കുവാനായി വല്ല കല്പനയും ബഹു. ഗവൺമെണ്ട് കൊടുക്കുക ഉണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇംഗ്ലീഷിൽമാത്രം എഴുതണമെന്ന് നിർബ്ബന്ധിക്കുവാനുള്ള കാരണം എന്താണെന്ന് പറയാമോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) റേഷൻ ഡിപ്പോകളുടെ മുൻവശം വെള്ളബോർഡിൽ പച്ചമഷികൊണ്ട് ഉടമസ്ഥന്റെ പേരും ഡിപ്പോകളുടെ നമ്പരും എഴുതിയിരിക്കണമെന്ന് സിവിൽസപ്ലൈസ് കമ്മീഷണർ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(ബി) ഇംഗ്ലീഷിൽതന്നെ എഴുതണമെന്ന് നിർബ്ബന്ധിച്ചിട്ടില്ല. പല ഡിപ്പോഉടമസ്ഥന്മാരും മലയാളത്തിൽ എഴുതിയ ബോർഡുകളും വച്ചിട്ടുണ്ട്.

പരിഷ്കരിച്ച അദ്ധ്യാപക ശമ്പളം

*൯൫. (൨൪) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ.—

അടുത്ത കാലത്തു നടന്ന കൂടിയാലോചനകളുടെ ഫലമായി പുറത്തു വന്നിട്ടുള്ള പ്രൈവറ്റ് മാനേജ്മെൻറ് സ്കൂളുകളിലെ അദ്ധ്യാപകന്മാർക്ക് പരിഷ്കരിച്ച സ്കെയിലിൽ ശമ്പളം കൊടുക്കുന്നതിന് ഗവൺമെണ്ടിന് എത്ര അധിക ചെലവു വഹിക്കേണ്ടിവരും?

വിദ്യാഭ്യാസവും തൊഴിലും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

ഇതിനെപ്പറ്റി ഇപ്പോൾ നിശ്ചയമായി പറവാൻ സാധ്യമല്ല.

ആലപ്പുഴ തുറമുഖത്തെ ഇറക്കുമതി

*൯൬. (൨൫) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ൧൯൪൯ ഏപ്രിൽ മുതൽ ആലപ്പുഴ തുറമുഖത്തു കൂടി ധാന്യം ഇറക്കുമതി ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു; എത്ര പ്രാവശ്യം;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണം?

LIBRARY ARCHIVES Kerala Legislative Assembly